# Week -1

# Weekly devotion -January 2018

## <u>Caring God  from the beginning</u>

## <u>ആദി മുതൽ കരുതുന്നവൻ</u>




ചൈനയിലുള്ള ഒരു അനാഥശാലയിലേക്ക് എല്ലാവർഷാരംഭത്തിലും പല അവശ്യസാധനങ്ങളും സമ്മാനമായി അമേരിക്കയിലെ ഒരു ക്രിസ്തീയ സഭ അയച്ചിരുന്നു. ആ സഭയിലെ വയോധികനായ ഒരു മരപ്പണിക്കാരൻ ഈ സംരഭത്തിൽ പങ്കാളി ആയിരുന്നു. വീഞ്ഞപ്പെട്ടികൾ തയാറാക്കുന്നതു മുതൽ സമ്മാനങ്ങൾ നിറച്ച ശേഷം ആണി അടിച്ച് ഭദ്രമാക്കുന്ന ജോലിവരെ പൂർത്തിയാക്കിയ ശേഷമാണ് അദ്ദേഹം വീട്ടിലേക്ക് പോകുന്നത്. ഒരു പ്രാവശ്യം തന്റെ ജോലിപൂർത്തിയാക്കി വീട്ടിലേക്ക് പോകുമ്പോഴാണ് തന്റെ പുതിയ കണ്ണാടി പോക്കറ്റിൽ നിന്ന് നഷ്ടമായത് അദ്ദേഹം മനസ്സിലാക്കിയത്. വീഞ്ഞപ്പെട്ടിയിൽ വീണു പോയ തന്റെ കണ്ണാടിയുടെ നഷ്ടത്തെപ്പറ്റി ദൈവത്തോട് അദ്ദേഹം സങ്കടം പറഞ്ഞു.

ഒരു മാസത്തിനുശേഷം അനാഥശാല നടത്തുന്ന മിഷനറിമാരിലൊരാൾ ചൈനയിൽ നിന്നും അമേരിക്കയിലെ ഈ സഭയിലെത്തി. സമ്മാനങ്ങൾ അയച്ച സഭയോട് നന്ദി അറിയിക്കുന്നതോടൊപ്പം അവരുടെ പ്രവർത്തനങ്ങളെപ്പറ്റി വിവരിക്കുവാനുമാണ് അദ്ദേഹം വന്നത്. കുട്ടികൾക്കയച്ച സമ്മാനങ്ങൾക്കു മാത്രമല്ല എനിക്കയച്ചു തന്ന ഈ കണ്ണാടിയ്ക്കും നന്ദി എന്നു പറഞ്ഞ് ആ വയോധികനായ മരപ്പണിക്കാരന്റെ കണ്ണാടി ഉയർത്തിക്കാട്ടി. അദ്ദേഹം തുടർന്നു പറഞ്ഞത് നിങ്ങൾ അയച്ച സമ്മാനങ്ങൾ എത്തുംമുമ്പ് വർഗ്ഗീയ വാദികൾ അനാഥശാലയിലെ സകലതും നശിപ്പിച്ച കൂട്ടത്തിൽ എന്റെ പ്രത്യേകതയുള്ള കണ്ണാടിയും നശിപ്പിച്ചു. വിലയുള്ള ആ കണ്ണാടി നഷ്ടമായതിൽ ഞാൻ ദൈവത്തോട് സങ്കടം പറഞ്ഞു. എന്നാൽ വീഞ്ഞ

പെട്ടിയിൽ രണ്ട് കമ്പിളികൾക്കുള്ളിൽ അപൂർവ്വകാഴ്ചശക്തിക്കുള്ള എന്റെ കണ്ണാടി കണ്ടപ്പോൾ കരുതുന്ന ദൈവത്തെ ഞാൻ സ്തുതിച്ചു. "ഈ സഭ എനിക്കയച്ച കണ്ണാടിക്കായി നന്ദി". കണ്ണാടി നഷ്ടപ്പെട്ട വയോധികൻ അത് തന്റെ കണ്ണാടി ആയിരുന്നെന്നും അബദ്ധത്തിൽ പെട്ടിയിൽ വീണതാണെന്നും വ്യക്തമാക്കി.എന്നാൽ ഇപ്പോൾ തനിക്ക് അബദ്ധമല്ലായിരുന്നു ആ സംഭവം ദൈവത്തിന്റെ കരുതലായിരുന്നു എന്ന് വ്യക്തമായി എന്ന് പറഞ്ഞപ്പോൾ സഭ ഒന്നടങ്കം കണ്ണുനീരോടെ ദൈവത്തെ മഹത്വപ്പെടുത്തി.

മുകളിൽ വിവരിച്ച സംഭവത്തിൽ തങ്ങളുടെ നഷ്ടത്തെപ്പറ്റി അവർ സങ്കടം പറഞ്ഞത് യഹോവയോടാണ് എന്ന് മനസ്സിലാക്കുക. അവനൊരാൾ മാത്രമേയുള്ളൂ തക്കസമയത്ത് പ്രവർത്തിക്കുന്നത് എന്ന് പുതുപുലരിയിലേക്കു പ്രവേശിക്കുന്ന ഓരോരുത്തരും ഓർക്കുക. കഴിഞ്ഞുപോയ ദിവസങ്ങളിലെ ഇരുളിന്റെ അനുഭവങ്ങളെ , ഭാരങ്ങളെ ഏകദൈവത്തിന്റെ കരങ്ങളിൽ നൽകുക. തുടർന്നു വരുന്ന പുതുവർഷത്തിന്റെ പുതുപുലരിയെ പുതിയ പ്രത്യാശയോടെ സ്വാഗതം ചെയ്യുക.

**പുതുക്കം രണ്ടു വിധത്തിൽ ഉണ്ടാകുന്നു**.

**1. തുടർന്നു കൊണ്ടിരിക്കുന്നതിൽ നിന്നുള്ള മാറ്റം.**

**2.ചെയ്തു വന്നത് നിന്നു പോയത് തുടരുന്ന പ്രവർത്തി .**

ഇതിനു രണ്ടിനും ഒരു ആദി ഉണ്ടാകണം. പുതുക്കത്തിന് ആദി ഉണ്ടെങ്കിലേ തുടർച്ചയും ഉണ്ടാകുകയുള്ളൂ.നമ്മുടെ ജീവിതത്തിലും പ്രാധാന്യം നൽകേണ്ടത് ഏതെന്നറിയുകയും അതിന് ഒന്നാം സ്ഥാനം നാം നൽകുകയും വേണം. ഒന്ന് ഒരു ചെറിയ സംഖ്യ എന്നു തോന്നാം . ഒന്നില്ല എങ്കിൽ രണ്ടിന് നിലനില്പില്ല. ഒന്ന് (ഏകം)എന്ന പോലെ ഏകനില്ല എങ്കിൽ നമ്മുടെ ജീവിതം വ്യർത്ഥമത്രെ.

ഉയർത്തെഴുന്നേറ്റ യേശു നിർദ്ദേശം നൽകിയില്ല എന്ന കാരണത്താൽ മരണത്തെ ജയിച്ച ആ ഏകനെ മറന്ന് രണ്ടാമത്തേതിന് പോയി .അവരുടെ പഴയ തൊഴിലായ മീൻപിടുത്തം. (യോഹ:21:1-14). ഒന്നാമത്തേത് വിട്ടതിനാൽ അവർ സ്വീകരിച്ച രണ്ടാമത്തേതും തകരാറിലായി. എന്നാൽ യേശു അവരെ ശാസിച്ചില്ല.ഒന്നാമത്തെ കാര്യം മറന്നോ എന്ന ചോദ്യത്തിൽ അവരെ വിമർശിക്കാതെ അവർ ചെയ്ത രണ്ടാമത്തെ കാര്യത്തിന്റെ അപാകത നികത്തി. തെറ്റ് തിരുത്തിയ കർത്താവ് അവർക്ക് ക്ഷീണം അകറ്റുവാനുള്ള ആഹാരവും നൽകി. നഷ്ടമാക്കിയ ഒന്നാമത്തെ പ്രവർത്തി (കാത്തിരുന്ന് ശക്തി പ്രാപിപാനുള്ള നിർദ്ദേശം വീണ്ടും നൽകി.)

പ്രിയ കുഞ്ഞുങ്ങളേ '2018' ആരംഭം മുതൽ പ്രഥമവും പ്രധാനവുമായ സ്ഥാനം ക്രിസ്തുവിന് നൽകുക അപ്രകാരം ഏത് പ്രവൃത്തിചെയ്താലും സമയം നഷ്ടമാകാതെ തന്നെ വിജയം നിശ്ചയം. അല്ലെങ്കിൽ സമയവും ആരോഗ്യവും നഷ്ടമാകുക മാത്രമല്ല, തോൽവിയും ഉണ്ടാകുന്നു. പ്രധാനമായത് വിട്ടുകളഞ്ഞ്

അപ്രധാനമായത് ആസ്ഥാനം പിടിച്ചടക്കാതെ പൂർണ്ണ വിശ്വാസത്തോടെ പ്രാർത്ഥിക്കുക, പ്രവർത്തിക്കുക. പുതുവർഷം അനുഗ്രഹപൂർണ്ണമാകട്ടെ.


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind